# AMSFNCK – Admission to B.Sc. Nursing Course 2015-16

## ബി.എസ്.സി. നഴ്സിംഗ് – അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

അസോസിയേഷനിൽ അംഗങ്ങളായ 32 ക്രിസത്യൻ കോളേജുകളിൽ, ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 2015–16 വർഷത്തിലേക്ക് മാനേജുമെന്റുകൾ പ്രവേശനം നടത്തുന്ന 50 ശതമാനം സീറ്റുകളിലെ എൻ.ആർ.ഐ. വിഭാഗം ഒഴികെയുള്ള സീറ്റുകളിലേക്ക് ഏകജാലക സംവിധാനത്തിലുള്ള പ്രവേശനത്തിനായി വെബ്സൈറ്റുവഴി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

### ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ

1. അസോസിയേഷന്റെ സൈറ്റിലെ അഡ്മിഷൻ ലിങ്കിൽ ക്ലിക്ക് ചെയ്ത ശേഷം വിദ്യാർഥിയുടെ സ്വന്തം ഇ–മെയിൽ വിലാസവും ജനനതീയതിയും ഫോൺനമ്പറും ഉപയോഗിച്ച് ആദ്യം രജിസ്റ്റർ ചെയ്യണം.
2. രജിസ്റ്റർ ചെയ്ത ഫോൺനമ്പറിലും ഇ–മെയിൽ വിലാസത്തിലും നിങ്ങൾക്ക് ലോഗ്–ഇൻ ചെയ്യാനുള്ള യൂസർ ഐ.ഡി.യും പാസ് വേർഡും ഉടനെ അയച്ചു തരും. അവ രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.
3. നിങ്ങളുടെ ഫോൺനമ്പറിലോ അല്ലെങ്കിൽ ഇ–മെയിൽ വിലാസത്തിലോ ലഭിക്കുന്ന യൂസർ ഐ.ഡി.യും പാസ് വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്ത്, ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുക.
4. ഓൺലൈൻ അപേക്ഷയിലെ എല്ലാ വിവരങ്ങളും കൃത്യമായി പൂരിപ്പിച്ചതിനുശേഷം മാത്രമേ ഏറ്റവും അവസാനത്തിലുള്ള Submit ബട്ടൺ ഉപയോഗിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കാവൂ. Submit ബട്ടൺ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നീട് അപേക്ഷാർത്ഥിക്ക് അപേക്ഷയിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കുകയില്ല എന്ന് പ്രത്യേകം ഓർമ്മിക്കുക.
5. ഓൺലൈനായി അപേക്ഷ വിജയകരമായി സമർപ്പിച്ചു കഴിഞ്ഞാൽ അപേക്ഷ PDF Fileൽ ആയി പൂർണ്ണ രൂപത്തിൽ കാണുവാൻ കഴിയും, ആ പേജിന്റെ പ്രിന്റ് എടുക്കുകയും ചെയ്യാം. അപേക്ഷകന്റെ emailൽ ലഭിക്കുന്ന ലിങ്ക് ഉപയോഗിച്ച് അപേക്ഷ വീണ്ടും കാണാവുന്നതാണ്.
6. അപേക്ഷയുടെ ഈ പ്രിന്റ്–ഔട്ട് അപേക്ഷകൻ ഒപ്പിട്ട് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകളുടേയും സർട്ടിഫിക്കറ്റുകളുടേയും കോപ്പികളോടുകൂടെ അസോസിയേഷൻ ഓഫീസിൽ **(AMSFNCK, Lisie Hosptal Campus, Cochin 682018)** സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതിക്കുമുമ്പ് അസോസിയേഷൻ ഓഫീസിൽ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ റാങ്ക് ലിസ്റ്റിനായി പരിഗണിക്കുകയുള്ളൂ.
7. പ്രവേശന നടപടിക്രമങ്ങളിൽ ഉപയോഗിക്കുന്നതിന് നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ് വേർഡും തുടർന്നും സുരക്ഷിതമായി സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

## ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുമ്പോൾ ആവശ്യമുള്ള കാര്യങ്ങൾ

1. ആക്ടീവായ ഒരു ഇ–മെയിൽ വിലാസവും മൊബൈൽ ഫോൺ നമ്പറും.
2. പ്രോസ്പെക്ടസിൽ നിർദ്ദേശിച്ചതുപോലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോയുടെ സ്കാൻ ചെയ്ത കോപ്പി. (ഏതെങ്കിലും കാരണത്താൽ ഫോട്ടോ അപ്–ലോഡ് ചെയ്യാൻ സാധിക്കാതിരുന്നാൽ, പൂരിപ്പിച്ച അപേക്ഷയുടെ പ്രിന്റ്–ഔട്ടിൽ പാസ്പോർട്ട് സൈസ് ഫോട്ടോ നിർബന്ധമായും പതിക്കേണ്ടതാണ്).
3. അപേക്ഷാ ഫീസായി സമർപ്പിക്കാനുള്ള 500/– രൂപയുടെ A.M.S.F.N.C.K. യുടെ പേരിൽ Ernakulam-ത്ത് മാറാവുന്ന ഡി.ഡി. (ഡി.ഡി.യുടെ വിശദാംശങ്ങൾ ഓൺലൈനായിതന്നെ രേഖപ്പെടുത്തേണ്ടതും, പൂരിപ്പിച്ച അപേക്ഷയുടെ പ്രിന്റ്–ഔട്ടിനൊപ്പം ഡി.ഡി. സമർപ്പിക്കേണ്ടതുമാണ്).
4. ഓൺലൈനായി രേഖപ്പെടുത്തേണ്ട വിശദാംശങ്ങൾക്കാവശ്യമുള്ള പത്ത്, പന്ത്രണ്ട് തുടങ്ങിയ ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ മുതലായ രേഖകൾ (പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന രേഖകളുടേയും സർട്ടിഫിക്കറ്റുകളുടേയും കോപ്പികൾ അപേക്ഷയുടെ പ്രിന്റ്–ഔട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്).

**ഓപ്ഷൻ രജിസ്ട്രേഷൻ** – ഓരോ അപേക്ഷകനും പ്രവേശനം നേടാനാഗ്രഹിക്കുന്ന കോളേജുകൾ മുൻഗണനാക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരവും ഓൺലൈൻ അപേക്ഷയോടൊപ്പമാണ്. ഓരോ അപേക്ഷകനും താത്പര്യമുള്ള കോളേജുകളിലേക്കു മാത്രം (ആവശ്യക്കാർക്ക് എല്ലാ കോളേജിലക്കും ഓപ്ഷൻ നല്കാനുള്ള സാധ്യതയുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ അപേക്ഷ submit ചെയ്തു കഴിഞ്ഞാൽ, പിന്നീട്, തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

**വാർഷിക ഫീസ് ഘടന – 55,000 രൂപ ട്യൂഷ്യൻ ഫീസും 15,000 രൂപ സ്പെഷൽ ഫീസും**

**ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ പ്രിന്റ്–ഔട്ട് അപേക്ഷകൻ ഒപ്പിട്ട് പ്രോസ്പെക്ടസിൽ പറഞ്ഞിരിക്കുന്ന ഡോക്യുമെന്റുകളുടേയും സർട്ടിഫിക്കറ്റുകളുടേയും കോപ്പികളോടുകൂടെ അസോസിയേഷൻ ഓഫീസിൽ (AMSFNCK, Lisie Hosptal Campus, Ernakulam, Cochin 682 018) ലഭിക്കേണ്ട അവസാന തിയതി – 2015 ജൂൺ 15 (തിങ്കൾ)**

**കൂടുതൽ വിവരങ്ങൾക്ക് www.amsfnck.com സന്ദർശിക്കുക**